(ഡി) സംസ്ഥാനത്തെ സ്വകാര്യ വൈദ്യുതി നിലയങ്ങളായ ബി.എസ്.ഇ.എസ്., കേരള പവ്വർ ലിമിറ്റഡ്, കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവിടങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ വില പുനർ നിർണ്ണയിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടന്നു വരുന്നു. ബി.എസ്.ഇ.എസ്. പ്രോജക്ടിനായി എടുത്ത കടങ്ങൾ കുറഞ്ഞ പലിശ നിരക്കിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കമ്പനിയോടും കേന്ദ്ര ഊർജ്ജ വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് പവർ കോർപ്പറേഷനോടും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

വിനോദ സഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

13 [*322] ശ്രീ. പി. കെ. കെ. ബാവ :

,, കളത്തിൽ അബ്ദുള്ള :

,, സി. മോയിൻകുട്ടി :

,, ചെർക്കളം അബ്ദുള്ള :

,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) സ്വദേശി വിനോദസഞ്ചാരികൾക്ക് ചെലവ് കുറഞ്ഞ താമസസൗകര്യങ്ങൾ വിനോദസഞ്ചാര കേന്ദ്രത്തിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം പ്രാവർത്തികമാക്കി എന്ന് വെളിപ്പെടുത്തുമോ ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ) ഉണ്ട്. സംസ്ഥാനത്തിനകത്തുള്ള ഓരോ ടൂറിസ്റ്റ് കേന്ദ്രത്തിലെയും സൗകര്യങ്ങൾ പര്യാപ്തമാണോ എന്ന് പരിശോധിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടികളാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ താമസ സൗകര്യങ്ങൾ ഒരുക്കുന്നത് പ്രധാനമായും സ്വകാര്യമേഖലയാണ്. വിനോദസഞ്ചാരികൾക്ക് ചെലവ് കുറഞ്ഞ താമസസൗകര്യം ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ യാത്രിനിവാസുകളോ, ടൂറിസ്റ്റ് കോംപ്ലക്സുകളോ വകുപ്പു പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ യൂണിറ്റുകൾ കേന്ദ്രധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

(സി) കൊല്ലം, ആലപ്പുഴ, എറണാകുളം, മലയാറ്റൂർ, പീരുമേട്, കാലടി, ഗുരുവായൂർ, കോഴിക്കോട്, തിരുനെല്ലി, മണ്ണാർക്കാട്, കൊണ്ടോട്ടി എന്നിവിടങ്ങളിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിൽ കാലടി, ഗുരുവായൂർ, തിരുനെല്ലി, മണ്ണാർക്കാട്, കൊണ്ടോട്ടി എന്നിവിടങ്ങളിലെ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. മറ്റു സ്ഥലങ്ങളിൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly